## മലയാളത്തിന്റെ വൈജ്ഞാനികപദവി

1 ഏപ്രിൽ 2023

വില ₹ 25

# വിജ്ഞാനകൈരളി

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം




## ആൻഡ്രോയ്ഡിന്റെ വാണിജ്യവൽക്കരണവും സാധ്യമായ ബദലുകളും

ISSN 2349-1051

## ഒസിആർ അഥവാ ഒപ്റ്റിക്കൽ ക്യാരക്ടർ റെക്കഗ്നിഷൻ മലയാളഭാഷയിൽ



# സ്ത്രീ ശാക്തീകരണത്തിന്റെ കാണാച്ചരടുകൾ: കേരളത്തെ മുൻനിർത്തി ഒരു പഠനം

ഡോ. മല്ലിക എം.ജി.

വ്യക്തികൾ ഉൽപ്പാദന പ്രവർത്തനത്തിൽ ഏർപ്പെടുന്നത് അവർക്ക് സാമ്പത്തിക നേട്ടം ഉണ്ടാവാൻ വേണ്ടിയാണ്. വ്യക്തികൾ അവർക്കു ലഭിക്കുന്ന വരുമാനത്തിന്റെ ഒരു ഭാഗം ഉപഭോക്തൃ ചെലവിനായും മറ്റൊരുഭാഗം മിച്ചംവയ്ക്കാനും ഉപയോഗിക്കുന്നു.

സ്ത്രീധനം വർഷങ്ങൾക്കുമുമ്പേ നിരോധിച്ച ഒരു രാജ്യമാണ് ഇന്ത്യ. അതുപോലെ ഗാർഹിക പീഡന നിരോധനനിയമവും വർഷങ്ങൾക്കു മുന്നേ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ ഉയർന്ന ജീവിതനിലവാര സൂചിക കാണിക്കുന്ന, ഉയർന്ന സ്ത്രീ സാക്ഷരതയുള്ള, ഉയർന്ന സ്ത്രീപുരുഷ അനുപാതം കാണിക്കുന്ന കേരളത്തിൽ, സ്ത്രീകളുടെ തൊഴിൽ, രാഷ്ട്രീയപങ്കാളിത്തനിരക്ക് ഉയരുന്നില്ല എന്നു മാത്രമല്ല ഗാർഹികപീഡനം പോലുള്ള അതിക്രമങ്ങൾ കുറയുന്നതായി കാണുന്നുമില്ല. എന്തുകൊണ്ടാണ് ഈ വൈരുധ്യം നിലനിൽക്കുന്നത് എന്ന അന്വേഷണമാണ് ഈ ലേഖനത്തിലൂടെ നടത്തുന്നത്. സാമ്പത്തികവും രാഷ്ട്രീയവും സാമൂഹികവുമായ ശാക്തീകരണം ലക്ഷ്യമിട്ട് കഴിഞ്ഞ പത്തിരുപതു വർഷം കേരളം നടത്തിയ സർക്കാർ പദ്ധതികൾ എന്തുകൊണ്ട് പ്രതീക്ഷിച്ച ഫലം ഉണ്ടാക്കിയില്ല എന്ന ചോദ്യത്തെ കുടുംബ ഉൽപ്പാദന ചട്ടക്കൂടിന്റെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യാനാണ് ഇവിടെ ഉദ്ദേശിക്കുന്നത്.

ഗാരി എസ് ബെക്കെർ 1965-ലെ അദ്ദേഹത്തിന്റെ പഠനത്തിൽ കുടുംബ ഉൽപ്പാദന മാതൃക വികസിപ്പിക്കുകയുണ്ടായി. അതുവരെ കുടുംബത്തെ വെറും ഉപഭോക്തൃ യൂണിറ്റായാണു കണക്കാക്കിയിരുന്നത്. മാർഗരെറ്റ് റെഡ് 1934-ൽ അവരുടെ "കുടുംബ ഉൽപ്പാദനത്തിന്റെ സാമ്പത്തികശാസ്ത്രം" എന്ന പുസ്തകത്തിൽ കുടുംബ ഉൽപ്പാദനത്തെക്കുറിച്ച് പരാമർശിച്ചിട്ടുണ്ടെങ്കിലും ഒരു മാതൃക എന്ന നിലയിൽ വികസിപ്പിച്ചത് ബെക്കറായിരുന്നു. ഇന്നു ലോകവ്യാപകമായി സമയ ഉപയോഗ കണക്കുകൾ കാണിക്കുന്നത് പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകൾ കൂടുതൽ സമയം ജോലിചെയ്യുന്നു എന്നാണ്. അതായത് വീട്ടുപണിയെ കൂലി ലഭിക്കാത്ത പണിയായി കണക്കാക്കിയാൽ സ്ത്രീകൾ പുരുഷനെ അപേക്ഷിച്ച് കൂടുതൽ സമയം പണിയെടുക്കാൻ വേണ്ടി ചെലവഴിക്കുന്നതായി പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നു (Rubiano Matulevich, ElianaViollaz, Mariana 2019). കൂടാതെ സ്ത്രീകളുടെ കുറഞ്ഞ തൊഴിൽ പങ്കാളിത്തത്തിനു കാരണം സ്ത്രീകൾക്ക് വീട്ടുപണികളിൽ കൂടുതൽ സമയം ചെലവഴിക്കേണ്ടതിനാൽ ആണെന്ന് പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നു (മല്ലിക 2012). കൂടാതെ സ്ത്രീകൾ പുരുഷനെ അപേക്ഷിച്ച് രണ്ടുമുതൽ പത്തു മടങ്ങ് വീട്ടുപണികൾ ചെയ്യേണ്ടിവരുന്നെന്നും അതാണ് അവർക്ക് നിലവിലെ ജെൻഡർ പദവികളിൽനിന്നും പുറത്തുവരാൻ കഴിയാത്തത് എന്നും പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നു (,Ferrant, GapllePesando, Luca Maria Nowacka, Keiko;2014). തൊഴിൽ തേടി നഗരങ്ങളിൽ കുടിയേറുന്ന പുരുഷന്മാരുടെ കുടിയേറ്റ തീരുമാനം ഒരു വ്യക്തിപരമായ തീരുമാനമല്ല എന്നും അതൊരു കുടുംബ തീരുമാനമാണെന്നും പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നു (2017). 'ഇരുപതാം നൂറ്റാണ്ട് പുരോഗമിച്ചതോടെ സ്ത്രീ തൊഴിലാളികൾ കുടുംബിനികളാക്കി മാറ്റപ്പെടുന്ന പ്രക്രിയ വേഗത്തിലാവുകയും സ്ത്രീകളുടെ അമ്മ പദവികൾ കൂടുതൽ ആവശ്യപ്പെടുന്ന തരത്തിലുള്ള സാമ്പത്തികവും സാമൂഹികവുമായ ഗ്രൂപ്പുകൾ ഉടലെടുക്കുകയും ചെയ്തു. ഇതുകൂടാതെ നവലിബറൽ സർക്കാർ ക്ഷേമ പരിപാടികൾ സ്ത്രീകളെ ഉൽപ്പാദനക്ഷമതയുള്ള വസ്തുക്കളാക്കി മാറ്റുകയും ആ അധ്വാനത്തെ സ്ത്രീ ശാക്തീകരണത്തിന്റെ ബാനറിൽ, എങ്ങനെയാണോ ബ്രാഹ്മണിക്കൽ ഗാർഹിക പ്രത്യയശാസ്ത്രങ്ങൾ സ്ത്രീകളുടെ അധ്വാനത്തെ അദൃശ്യമാക്കിയത്, അതുപോലെ അദൃശ്യമാക്കുകയും ചെയ്തതായി" ദേവിക (2019) വിലയിരുത്തുകയുണ്ടായി. എന്നാൽ സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾക്ക് ദരിദ്രരായ, കുടുംബിനികളായ സ്ത്രീകളെ ആണ് ഉൾപ്പെടുത്തിയിരുന്നതെന്നും അവരുടെ അദൃശ്യത എങ്ങനെ കേരളത്തിലെ വിദ്യാസമ്പന്നരായ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തത്തിൽ അദൃശ്യത ഉണ്ടാക്കി എന്നുമുള്ള ചോദ്യത്തിന് ഇത്തരം പഠനങ്ങൾ കൃത്യമായ ഉത്തരങ്ങൾ നൽകുന്നില്ല. സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം ഉയർത്താൻ സഹായകമായിട്ടില്ലെന്നും എന്തുകൊണ്ടാണ് അങ്ങനെ സംഭവിച്ചതെന്നും കുടുംബ ഉൽപ്പാദന ചട്ടക്കൂടിൽനിന്നു കൊണ്ട് പഠനങ്ങൾ സമർഥിച്ചിട്ടുണ്ട് (മല്ലിക 2012) എന്നും മാനവ വികസനവും സ്ത്രീപങ്കാളിത്തവും തമ്മിലുള്ള ബന്ധവും കേരളത്തിൽ എന്തുകൊണ്ട് സ്ത്രീ പങ്കാളിത്തം കൂടുന്നില്ല എന്നുമുള്ള വിഷയം പഠനവിധേയമായിട്ടുണ്ട് ( മല്ലിക 2014). എന്നാൽ മലയാളത്തിൽ അത്തരം പഠനങ്ങൾ കാര്യമായൊന്നും വന്നിട്ടില്ല എന്നതിനാലും ഈ പഠനങ്ങളൊക്കെ കുറച്ചു വർഷങ്ങൾക്കുമുമ്പുള്ള ദത്തമാണ് വിശകലനങ്ങൾക്ക് ഉപയോഗിച്ചത് എന്നതിനാലും ഈ പഠനം വളരെ പ്രാധാന്യമർഹിക്കുന്നു. (മല്ലിക) 2012-ൽ ഉപയോഗിച്ച അതേ സൈദ്ധാന്തിക ചട്ടക്കൂടാണ് ഈ പഠനത്തിലും ഉപയോഗിക്കുന്നത്.

## എന്തുകൊണ്ട് പുരുഷൻ കൂടുതൽ പുറംപണിയും സ്ത്രീ വീട്ടുപണിയും എടുക്കുന്നു?

വ്യക്തികൾ ഉൽപ്പാദന പ്രവർത്തനത്തിൽ ഏർപ്പെടുന്നത് അവർക്ക് സാമ്പത്തികനേട്ടം ഉണ്ടാവാൻ വേണ്ടിയാണ്. വ്യക്തികൾ അവർക്കു ലഭിക്കുന്ന വരുമാനത്തിന്റെ ഒരു ഭാഗം ഉപഭോക്തൃ ചെലവിനായും മറ്റൊരുഭാഗം മിച്ചംവയ്ക്കാനും ഉപയോഗിക്കുന്നു. കുടുംബസംവിധാനത്തിൽ ജീവിക്കുന്ന ഒരു വ്യക്തിയുടെ തീരുമാനങ്ങളൊക്കെ കുടുംബത്തിന്റെ ക്ഷേമവുമായി ബന്ധപ്പെടുത്തി മാത്രമേ കണക്കാക്കാൻ കഴിയൂ. അങ്ങനെ വരുമ്പോൾ ഒരു വീട്ടിൽ ഒന്നിച്ചു കഴിയുന്ന സ്ത്രീയും പുരുഷനും ചേർന്നു കുടുംബത്തിന് ആവശ്യമായ വസ്തുക്കൾ ഉണ്ടാക്കുന്നതി

കടുംബ തീരുമാനമാണെന്നും പഠനങ്ങൾ ചൂണ്ടി ക്കാട്ടുന്നു (2017). 'ഇരുപതാം നൂറ്റാണ്ട് പുരോഗമിച്ച തോടെ സ്ത്രീ തൊഴിലാളികൾ കടുംബിനികളാക്കി മാറ്റപ്പെടുന്ന പ്രക്രിയ വേഗത്തിലാവുകയും സ്ത്രീകളുടെ അമ്മ പദവികൾ കൂടുതൽ ആവശ്യപ്പെടുന്ന തരത്തി ലുള്ള സാമ്പത്തികവും സാമൂഹികവുമായ ഗ്രൂപ്പുകൾ ഉടലെടുക്കുകയും ചെയ്തു. ഇതുകൂടാതെ നവലിബറൽ സർക്കാർ ക്ഷേമ പരിപാടികൾ സ്ത്രീകളെ ഉൽപ്പാ ദനക്ഷമതയുള്ള വസ്തുക്കളാക്കി മാറ്റുകയും ആ അധ്വാ നത്തെ സ്ത്രീ ശാക്തീകരണത്തിന്റെ ബാനറിൽ, എങ്ങനെയാണോ ബ്രാഹ്മണിക്കൽ ഗാർഹിക പ്രത്യയശാസ്ത്രങ്ങൾ സ്ത്രീകളുടെ അധ്വാനത്തെ അദൃ ശ്യമാക്കിയത്, അതുപോലെ അദൃശ്യമാക്കുകയും ചെയ്തതായി" ദേവിക (2019) വിലയിരുത്തുകയുണ്ടാ യി. എന്നാൽ സ്ത്രീശാക്തീകരണ പ്രവർത്തനങ്ങൾക്ക് ദരിദ്രരായ, കടുംബിനികളായ സ്ത്രീകളെ ആണ് ഉൾ പ്പെടുത്തിയിരുന്നതെന്നും അവരുടെ അദൃശ്യത എങ്ങനെ കേരളത്തിലെ വിദ്യാസമ്പന്നരായ സ്ത്രീ കളുടെ തൊഴിൽ പങ്കാളിത്തത്തിൽ അദൃശ്യത ഉണ്ടാക്കി എന്നുമുള്ള ചോദ്യത്തിന് ഇത്തരം പഠന ങ്ങൾ കൃത്യമായ ഉത്തരങ്ങൾ നൽകുന്നില്ല. സ്ത്രീ ശാക്തീകരണ പ്രവർത്തനങ്ങൾ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം ഉയർത്താൻ സഹായകമാ യിട്ടില്ലെന്നും എന്തുകൊണ്ടാണ് അങ്ങനെ സംഭവി ച്ചതെന്നും കടുംബ ഉൽപ്പാദന ചട്ടക്കൂടിൽനിന്നു കൊണ്ട് പഠനങ്ങൾ സമർഥിച്ചിട്ടുണ്ട് (മല്ലിക 2012) എന്നും മാനവ വികസനവും സ്ത്രീപങ്കാളിത്തവും തമ്മിലുള്ള ബന്ധവും കേരളത്തിൽ എന്തുകൊണ്ട് സ്ത്രീ പങ്കാളിത്തം കൂടുന്നില്ല എന്നുമുള്ള വിഷയം പഠനവിധേയമായിട്ടുണ്ട് ( മല്ലിക 2014). എന്നാൽ മലയാളത്തിൽ അത്തരം പഠനങ്ങൾ കാര്യമായൊ ന്നും വന്നിട്ടില്ല എന്നതിനാലും ഈ പഠനങ്ങളൊക്കെ കുറച്ചു വർഷങ്ങൾക്കുമുമ്പുള്ള ദത്തമാണ് വിശകല നങ്ങൾക്ക് ഉപയോഗിച്ചത് എന്നതിനാലും ഈ പഠനം വളരെ പ്രാധാന്യമർഹിക്കുന്നു. (മല്ലിക) 2012-ൽ ഉപയോഗിച്ച അതേ സൈദ്ധാന്തിക ചട്ട ക്കൂടാണ് ഈ പഠനത്തിലും ഉപയോഗിക്കുന്നത്.

## എന്തുകൊണ്ട് പുരുഷൻ കൂടുതൽ പുറംപണിയും സ്ത്രീ വീട്ടുപണിയും എടുക്കുന്നു?

വ്യക്തികൾ ഉൽപ്പാദന പ്രവർത്തനത്തിൽ ഏർപ്പെടുന്നത് അവർക്ക് സാമ്പത്തികനേട്ടം ഉണ്ടാ വാൻ വേണ്ടിയാണ്. വ്യക്തികൾ അവർക്കു ലഭി ക്കുന്ന വരുമാനത്തിന്റെ ഒരു ഭാഗം ഉപഭോക്തൃ ചെലവിനായും മറ്റൊരുഭാഗം മിച്ചംവയ്ക്കാനും ഉപ യോഗിക്കുന്നു. കുടുംബസംവിധാനത്തിൽ ജീവിക്കുന്ന ഒരു വ്യക്തിയുടെ തീരുമാനങ്ങളൊക്കെ കുടുംബത്തി ന്റെ ക്ഷേമവുമായി ബന്ധപ്പെടുത്തി മാത്രമേ കണ ക്കാക്കാൻ കഴിയൂ. അങ്ങനെ വരുമ്പോൾ ഒരു വീട്ടിൽ ഒന്നിച്ചു കഴിയുന്ന സ്ത്രീയും പുരുഷനും ചേർന്നു കുടും ബത്തിന് ആവശ്യമായ വസ്തുക്കൾ ഉണ്ടാക്കുന്നതി




നുള്ള പ്രവർത്തികളിൽ ഏർപ്പെടുന്നു. എന്നുവച്ചാൽ ഒരു കുടുംബത്തിന്റെ ലക്ഷ്യം അവരുടെ ഉപഭോഗം, മിച്ചംവയ്ക്കൽ എന്നിവയ്ക്ക് ആവശ്യമായ പണസമ്പാ ദനമാണ്. ഇതിൽ സ്ത്രീകളും പുരുഷന്മാരും ഏത് രീതിയിൽ ഇടപെടുന്നുവെന്ന് നമുക്ക് നോക്കാം. കേരളം പോലെ മനുഷ്യ വിഭവവികസനം സാമ്പ ത്തിക വികാസത്തിന്റെ ഭാഗമായല്ലാതെ സംഭവിച്ച ഒരു സംസ്ഥാനത്ത് തൊഴിൽശക്തിയുടെ പ്രദാനവും തൊഴിൽശക്തിയുടെ ചോദനവും തമ്മിൽ കാര്യമായ അന്തരം നിലനിൽക്കുന്നതിനാൽ കമ്പോള ജോലി കളിൽ കടുത്ത മത്സരം നിലനിൽക്കുന്നു. ആ മത്സ രത്തിൽ പങ്കെടുത്ത് ജോലി കരസ്ഥമാക്കാൻ കൂടുതൽ സമയവും അധ്വാനവും ആവശ്യമുണ്ട്. ഈ സാഹചര്യത്തിലാണ് കുടുംബത്തിലെ തൊഴിൽവി ഭജനം ഒരു പ്രധാന തിരഞ്ഞെടുപ്പായി വ്യക്തികൾ ക്കു മുന്നിൽ വന്നുനിൽക്കുന്നത്. വിവാഹിതരായി ഒന്നിച്ചു താമസിക്കുന്ന സ്ത്രീയുടെയും പുരുഷന്റെയും ഉൽപ്പാദനമേഖലയിലെ ഇടപെടലിനെ താഴെ കാണുന്ന രീതിയിൽ വിശദമാക്കാം.

$$MTm = 24\text{-}LTm\text{-}DTm \ldots\ldots(1)$$
$$MTf = 24\text{-}LTf\text{-}DTf \ldots\ldots(2)$$

അതായത് കമ്പോള ജോലിക്ക് ലഭ്യമായ പുരുഷ സമയവും സ്ത്രീ സമയവുമാണ് യഥാക്രമം MTm, MTf എന്നിങ്ങനെ നൽകിയിട്ടുള്ളത്. പുരുഷന്റേയും സ്ത്രീയുടേയും വിശ്രമസമയത്തെയാണ് LTm, LTf എന്നിങ്ങനെ കൊടുത്തിട്ടുള്ളത്. പുരുഷനും സ്ത്രീയും വീട്ടുജോലി ചെയ്യാനാവശ്യമായ സമയത്തെയാണ് DTm, DTf എന്നിങ്ങനെ കൊടുത്തിട്ടുള്ളത്. ഓരോ വ്യക്തിയും എത്ര സമയം കമ്പോള ജോലികളിൽ ഏർപ്പെടുന്നു, എത്ര സമയം വീട്ടുപണികളിൽ ഏർ ഏർപ്പെടുന്നു എന്ന തീരുമാനിക്കുന്നത് അവരുടെ കമ്പോ ളത്തിലെ പ്രതീക്ഷിത കൂലിനിരക്ക്, ഗാർഹിക ജോ ലികളിൽ അവരുടെ ഉൽപ്പാദനക്ഷമത, അവരുടെ

**കേരളത്തിലെ ഒരു ശരാശരി സ്വയംതൊഴിൽ ചെയ്യുന്ന സ്ത്രീക്ക് പുരുഷ വേതനത്തിന്റെ 53.86 ശതമാനം മാത്രമാണ് കൂലി ലഭിക്കുന്നത്. അതുപോലെ കൂലിപ്പണി ചെയ്യുന്ന ഒരു സ്ത്രീക്ക് അതേ പണി ചെയ്യുന്ന പുരുഷന്റെ വേതനത്തി ന്റെ 40.09 ശതമാനം മാത്രമാണ് കൂലി. സ്ഥിരവരുമാന ക്കാരിൽപ്പോലും പുരുഷവേതനത്തിന്റെ 72.24 ശതമാനമാണ് സ്ത്രീയുടെ കൂലി.**




താൽപ്പര്യങ്ങൾ എന്നിവയെ ആശ്രയിച്ചാണ് (Bowen, W. and Finnegan, T. A. (1969)) എന്ന് സാമ്പത്തികശാസ്ത്ര ചട്ടക്കൂടുകൾക്കുള്ളിൽനിന്നുപറയാം. ഇതിന്റെ കൂടെ സമൂഹത്തിന്റെ ലിംഗപദവി കൂടി ഉൾപ്പെടുത്തേണ്ടതുണ്ട്. അതായത് കമ്പോള ജോലികളിൽ കൂടുതലായി ആര് ഏർപ്പെടണമെന്ന് തീരുമാനിക്കുന്ന ഘടകങ്ങൾ, ലഭിക്കാൻ സാധ്യതയുള്ള കൂലി, ഗാർഹിക ജോലിയിലെ കാര്യക്ഷമത, വ്യക്തിപരമായ താല്പര്യങ്ങൾ, സമൂഹത്തിൽനിലനിൽക്കുന്ന ലിംഗപരമായ കാഴ്ചപ്പാട് എന്നിവയാണെന്ന് സാരം. എന്നുവച്ചാൽ കൂലിനിരക്ക് ആർക്കാണോ കൂടുതൽ അവർ കമ്പോളജോലിയിൽ ഏർപ്പെടാനുള്ള സാധ്യത കൂടുതലാണ് എന്നു പറയാം. എന്നാൽ വീട്ടുജോലികളിലുള്ള സ്ത്രീ പുരുഷ ഉൽപ്പാദനക്ഷമതാവ്യത്യാസത്തെയും, ലിംഗപദവി നിർമിക്കുന്ന സാമൂഹിക പ്രശ്നങ്ങളേയും മറികടക്കാനാവശ്യമായ ഉയർന്ന കൂലി സ്ത്രീകൾക്ക് ലഭിക്കാൻ സാധ്യതയുണ്ടെങ്കിലേ കമ്പോളജോലികളിൽ സ്ത്രീകൾക്കും പുരുഷനും തുല്യമായ പങ്കാളിത്തം ഉണ്ടാവൂ. കേരളത്തിലെ കൂലി നിരക്കിലുള്ള സ്ത്രീ പുരുഷ അന്തരം ഒന്നു പരിശോധിക്കാം.

കേരളത്തിലെ ഒരു ശരാശരി സ്വയംതൊഴിൽ ചെയ്യുന്ന സ്ത്രീക്ക് പുരുഷ വേതനത്തിന്റെ 53.86 ശതമാനം മാത്രമാണ് കൂലി ലഭിക്കുന്നത്. അതുപോലെ കൂലിപ്പണി ചെയ്യുന്ന ഒരു സ്ത്രീക്ക് അതേ പണി ചെയ്യുന്ന പുരുഷന്റെ വേതനത്തിന്റെ 40.09 ശതമാനം മാത്രമാണ് കൂലി. സ്ഥിരവരുമാനക്കാരിൽ പ്പോലും പുരുഷവേതനത്തിന്റെ 72. 24 ശതമാനമാണ് സ്ത്രീയുടെ കൂലി (പട്ടിക 1)

ഒരു കുടുംബത്തിന്റെ മൊത്തം ക്ഷേമം Cm +Cd +S (അതായത് ഉപഭോഗവും സേവിംഗ്സും) എത്ര എന്നതിന്റെ അടിസ്ഥാനത്തിൽ പറയാവുന്നതാണ്. അതായത് കമ്പോളത്തിൽനിന്ന് വാങ്ങുന്ന സാധനങ്ങൾ(Cm), വീട്ടിൽനിർമിക്കുന്ന സാധനങ്ങൾ(Cd), മിച്ചം (S) എന്നിവയുടെ അടിസ്ഥാനത്തിൽ. ഇതിൽ പുരുഷനും സ്ത്രീയും ചേർന്ന് വീട്ടിലേക്ക് ലഭ്യമാക്കുന്ന ആകെ പണത്തിനെ Cm+ s എന്ന രീതിയിൽ കൊടുക്കാവുന്നതാണ്. ഒരു കുടുംബത്തിന്റെ ലക്ഷ്യം Cm+Cd+S ഏറ്റവും ഉയർന്ന തലത്തിൽ എത്തിക്കുക എന്നതാണ്. അതായത് കമ്പോള വസ്തുക്കളും വീട്ടിൽനിർമിക്കുന്ന വസ്തുക്കളും ചേർന്നാണ് ഒരു കുടുംബത്തിന്റെ ക്ഷേമം തീരുമാനിക്കുന്നത്. അങ്ങനെ വരുമ്പോൾ Cm+Cd+S ഏറ്റവും കൂടുതൽ ലഭ്യമാകുന്ന തരത്തിൽ ഒരു തൊഴിൽവിഭജനത്തിന് ആണ് യുക്തിഭദ്രമായി ചിന്തിക്കുന്ന ഒരു കുടുംബം തയാറാവുക. മുകളിൽ സൂചിപ്പിച്ച കൂലിനിരക്ക് പ്രകാരം ഒരു യൂണിറ്റ് MTm നു ലഭിക്കുന്ന കൂലി ഒരു യൂണിറ്റ് MTf നേക്കാൾ വളരെ ഉയർന്നതാണ്. അതിനാൽ യുക്തിഭദ്രമായി തീരുമാനമെടുക്കുന്ന ഒരു കുടുംബം സ്വാഭാവികമായും കൂടുതൽ MTm ലഭ്യമാക്കാൻ ആയിരിക്കും ശ്രമിക്കുക. അങ്ങനെ വരുമ്പോൾ DTm കറയ്ക്കേണ്ടിവരും. അതിന് ആനുപാതികമായി MTf കറയും. ഇതിനു കാരണം വീട്ടിൽ നിർമിക്കുന്ന സാധനങ്ങളും സേവനങ്ങളും (Cd) ഉൽപ്പാദിപ്പിക്കാൻ ആവശ്യമായ സമയം DTm+DTf ആണ്. മുകളിൽ സൂചിപ്പിച്ചതുപോലെ കേരളത്തിൽ തൊഴിൽലഭ്യത വളരെ കുറഞ്ഞ ഒരു സംസ്ഥാനത്ത് പലപ്പോഴും തൊഴിൽസമയത്തോട് ഒപ്പം തന്നെ സഞ്ചാരസമയം കൂടി കൂട്ടിച്ചേർക്കുന്ന സമയത്ത് പുരുഷന്മാരെ സംബന്ധിച്ച് വീട്ടുപണികളിൽ ഏർപ്പെടുക അത്ര എളുപ്പമല്ല. മാത്രവുമല്ല കേരളംപോലെ ഒരു അണുകുടുംബത്തിലേക്ക് ചുവടുമാറ്റം സംഭവിച്ച ഒരു സംസ്ഥാനത്ത്, വിദ്യാഭ്യാസത്തിലും ആരോഗ്യത്തിലും ഒക്കെ കൂടുതൽ പ്രാധാന്യം കൊടുക്കുന്ന ഒരു സമൂഹത്തിൽ കുട്ടികളുടെ സംരക്ഷണം, പ്രായമായവരുടെ സംരക്ഷണം, അസുഖമായവരുടെ സംരക്ഷണം എന്നിവയൊക്കെ ഒഴിവാക്കാൻ കഴിയാത്ത ജോലികൾ ആയി മാറുന്നത് സ്ത്രീകളുടെ "അമ്മവൽക്കരണം" കൊണ്ടുമാത്രമല്ല ഏതൊരു സമൂഹത്തിന്റേയും വികാസത്തിന്റെ ഭാഗമായി ഉണ്ടാവേണ്ട വൈകാരികമായ വളർച്ചയുടെ ഭാഗമായി വേണം കാണാൻ. ആയതിനാൽ ക്ഷേമ സങ്കൽപ്പത്തിൽ മുന്നോട്ടുപോകുന്ന ഒരു കുടുംബത്തിൽ സ്ത്രീകൾ വീട്ടുജോലികളിലും പുരുഷന്മാർ പുറംജോലികളിലും വ്യാപൃതരാവേണ്ടിവരുന്നു. അങ്ങനെയല്ലാത്ത ഒരു കുടുംബം ഉണ്ടാവണമെങ്കിൽ സ്ത്രീകളുടെ കൂലി നിരക്ക് പുരുഷന്റെ വീട്ടുജോലികളിലുള്ള കാര്യക്ഷമത കുറവിനെ പരിഹരിക്കാനും സമൂഹത്തിലെ ലിംഗപദവി നിർമിക്കുന്ന തൊഴിൽ വിഭജനത്തെ തകർത്തെറിയാനും കഴിയുന്ന തരത്തിൽ ഉയർന്നതാവണം. ഭർത്താവും ഭാര്യയും ഒന്നിച്ചു കഴിയുകയും ഒന്നിച്ചു കുടുംബകാര്യങ്ങൾ ഏറ്റെടുക്കുകയും ചെയ്യുന്ന വീടുകളിൽ സ്ത്രീകൾ കൂടുതൽ വീട്ടുപണി എടുക്കുകയും പുരുഷന്മാർ പുറംപണികളിൽ ഏർപ്പെടുകയും ചെയ്യുന്നതിനു കാരണം കൂലി നിരക്കിലുള്ള സ്ത്രീ പുരുഷ വ്യത്യാസത്തോടൊപ്പം വീട്ടുപണികളിലുള്ള പുരുഷന്റെ ഉൽപ്പാദനക്ഷമതയിലുള്ള കുറവും സമൂഹത്തിലെ ലിംഗപരമായ തൊഴിൽ വിഭജനവുമാണെന്ന് വരുന്നു. ഇവിടെ മനസ്സിലാക്കേണ്ട ഒരു വസ്തുത സ്ത്രീകൾക്കു കമ്പോളത്തിൽ ലഭിക്കാൻ സാധ്യതയുള്ള കൂലി വീട്ടുപണികളിൽനിന്നും മുക്തരാവേണ്ടുന്നതിനു നൽകേണ്ട പണത്തേക്കാൾ കൂടുതൽ ആയിരിക്കണം എന്നതാണ്. അതായത്, വീട്ടുപണികൾ ഒന്നുകിൽ പൂർണമായും കുറഞ്ഞ നിരക്കിൽ ചെയ്തുകിട്ടുന്ന സംവിധാനങ്ങൾ സമൂഹത്തിൽ ഉണ്ടാവണം, അല്ലെങ്കിൽ വീട്ടുജോലികളിലുള്ള പുരുഷന്റെ ഉൽപ്പാ

പട്ടിക 1
കേരളത്തിലെ സ്ത്രീയുടെ കൂലി പുരുഷ വേതനത്തിന്റെ ശതമാനകണക്കിൽ

| തരം | സ്ത്രീയുടെ കൂലി പുരുഷ വേതനത്തിന്റെ ശതമാനകണക്കിൽ |
|---|---|
| സ്ഥിര ജോലി | 72.24 |
| കൂലിപ്പണി | 40.09 |
| സ്വയം തൊഴിൽ | 53.86 |

Source: Economic survey 2021 (കണക്കുകൂട്ടിയത്)

ദനക്ഷമത കൂട്ടുകയും അവരുടെ കൂലിനിരക്ക് സ്ത്രീകളുടെ കൂലിനിരക്കിനാനുപാതികമായി കുറയുകയും ചെയ്യണം. അതായത് സ്ത്രീകളും പുരുഷൻമാരും ഒരുപോലെ ജോലിചെയ്താൽ മാത്രമേ ജീവിക്കാൻ ആവശ്യമായ കമ്പോളവസ്തുക്കൾ വാങ്ങാൻ കഴിയൂ എന്ന അവസ്ഥയുടെ കൂടെ പുരുഷനും വീട്ടുജോലികൾ ചെയ്യുള്ള പരിചയവും കാര്യക്ഷമതയും ഉണ്ടായിരിക്കുകയും വേണം. ഇവ രണ്ടും ഉള്ളിടങ്ങളിൽ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം കൂടുതൽ ഉണ്ടാവാറുണ്ട്. വികസനത്തിന്റെ ആദ്യഘട്ടങ്ങളിൽ ദാരിദ്ര്യം കൊണ്ട് സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം ഉയർന്നു കാണുന്നു. അതുപോലെ ചില ദരിദ്ര കുടുംബങ്ങളിൽ പുരുഷന്മാർ വീട്ടുജോലികളിൽ സ്ത്രീകളുടെ കൂടെ പണി എടുക്കുന്നതിനും ഇതാണ് കാരണം. ഇങ്ങനെ വരുമ്പോൾ വിവാഹിതയും ഭർത്താവ് സ്ഥലത്തില്ലാത്ത കുടുംബങ്ങളിൽ വീട്ടിലെ പണി പൂർണമായും സ്ത്രീ ചെയ്യേണ്ടി വരുന്നു (DTm=0 ആയിരിക്കും). അല്ലെങ്കിൽ വീട്ടുപണി ചെയ്യാൻ പണം കൊടുത്ത് ആളെ വയ്ക്കാൻ കഴിയുന്നതരത്തിൽ ഉയർന്ന കൂലിനിരക്കിൽ പുരുഷൻ ജോലി ചെയ്യുന്നുണ്ടാവണം. അല്ലെങ്കിൽ സ്ത്രീക്ക് വീട്ടുജോലി ചെയ്യുന്നതിന് കൊടുക്കേണ്ട കൂലിയെക്കാൾ കൂടുതൽ കൂലി ലഭിക്കുന്ന തൊഴിൽ വീടിനടുത്ത് ലഭ്യമാകണം. ഒറ്റയ്ക്ക് കുടുംബം നോക്കേണ്ടി വരുന്ന സ്ത്രീകളാവട്ടെ വീട്ടുപണിയിലും കമ്പോളപണികളിലും ഏർപ്പെടേണ്ടിവരുന്നു. പട്ടിക 2 നോക്കുക. പല കേസ് പഠനങ്ങളും ഇതു ശരിവച്ചിട്ടുണ്ട് (മല്ലിക 2012 നോക്കുക). സമയ ഉപയോഗ കണക്കുകൾ ഇതു ശരിവയ്ക്കുന്നു (മല്ലിക 2012,19). കൂടാതെ ശാരീരിക അധ്വാനം ഏറെ വേണ്ടിവരുന്ന ജോലികളിൽ ഏർപ്പെടാനുള്ള സാധ്യത, വിവാഹബന്ധം വേർപിരിഞ്ഞു ജീവിക്കുന്ന സ്ത്രീകളിൽ വിവാഹിതരായി ഒന്നിച്ചു ജീവിക്കുന്നവരേക്കാൾ 4 മടങ്ങ് കൂടുതലാണെന്ന് കണക്കുകൾ കാണിക്കുന്നു (മല്ലിക 2012).

എന്നുവച്ചാൽ ഒറ്റയ്ക്കു താമസിക്കുന്ന സ്ത്രീകൾ അവരുടെ വിശ്രമം, ഉറക്കം എന്നിവ കുറച്ചുകൊണ്ടാണ് വീട്ടുപണികളും പുറംപണികളും ഒന്നിച്ചു ചെയ്യുന്നത്. ഇവിടെ ഭർത്താവിന്റെ കയ്യിൽനിന്നും



ലഭിക്കുന്ന നഷ്ടപരിഹാരമോ ആങ്ങളയോ അച്ഛനോ മറ്റു ബന്ധുക്കളോ സഹായിക്കുന്നതോകൊണ്ടാണ് കുറച്ചുപേർക്കെങ്കിലും വീട്ടുപണികളിൽ മാത്രം ഏർപ്പെട്ട് കമ്പോള ജോലി ഇല്ലാതെ ജീവിക്കാൻ കഴിയുന്നത്. 2004-05 ൽ വീട്ടുജോലി മാത്രം ചെയ്യുന്ന 54.9 ശതമാനം സ്ത്രീകളും പറഞ്ഞത് അവർ വീട്ടുജോലി മാത്രം ചെയ്യുന്നത് ഈ പണി ചെയ്യാൻ വീട്ടിൽ മറ്റാരും ഇല്ലാതിരുന്നിട്ടാണ് എന്നാണ്. 10.6 ശതമാനം അഭിപ്രായപ്പെട്ടത് വീട്ടുജോലിക്ക് ആരെയെങ്കിലും ഏൽപ്പിക്കാൻ സാമ്പത്തികസ്ഥിതി ഇല്ലാത്തതിനാൽ ആണെന്നാണ്. വളരെ ചെറിയ ഒരു ശതമാനം (11.3)മാത്രമാണ് വിശ്വാസങ്ങളും ആചാരങ്ങളും കാരണമാണ് പുറംജോലിക്കു പോകാൻ കഴിയാത്തത് എന്ന് അഭിപ്രായപ്പെട്ടത് (മല്ലിക 2012). ഇങ്ങനെ നോക്കുമ്പോൾ സ്ത്രീകളുടെ തൊഴിൽപങ്കാളിത്ത നിരക്ക് ഉയരണമെങ്കിൽ വീട്ടകങ്ങളിലെ ഉൽപ്പാദനത്തിന്റെ പ്രാധാന്യം മനസ്സിലാക്കി അവ കുറഞ്ഞ ചെലവിൽ ലഭ്യമാക്കുകയോ സ്ത്രീകൾക്ക് ഉയർന്ന കൂലിനിരക്കിൽ ജോലിചെയ്യാനുള്ള അവസരങ്ങൾ ഉണ്ടാക്കുകയോ ചെയ്യണം. സ്വന്തം താൽപ്പര്യങ്ങൾ സമൂഹത്തിന്റെ തൊഴിൽപരമായ ലിംഗ വിവേചനത്തെ ചെറുത്തു തോൽപ്പിക്കാൻ പര്യാപ്തമായാലും സ്ത്രീകളുടെ കൂലിനിരക്ക്

**കുറഞ്ഞ കൂലിനിരക്കും വീട്ടുജോലിയുടെ ഉയർന്ന അവസരച്ചെലവും വിവാഹിതരാകുന്ന സ്ത്രീകളെ കുടുംബിനികളായി ജീവിക്കാൻ പ്രേരിപ്പിക്കുന്നു. കേരളത്തിലെ നിലനിൽക്കുന്ന തൊഴിൽ സാഹചര്യത്തിൽ ഒരു കുടുംബത്തിന് എടുക്കാവുന്ന ഏറ്റവും നല്ല തീരുമാനമായി അതു മാറുന്നു എന്ന് കാണാം.**

പട്ടിക 2

കേരളത്തിലെ സ്ത്രീകളുടെ വൈവാഹികാവസ്ഥയും തൊഴിൽ പങ്കാളിത്തവും (ശതമാനം)

| പ്രധാന പ്രവർത്തനം | വിവാഹിത | വിവാഹിതയും ഭർത്താവ് കൂടെ ഇല്ലാത്തതുമായ സ്ത്രീകൾ | വിധവ | പിരിഞ്ഞു ജീവിക്കുന്നവർ |
|---|---|---|---|---|
| തൊഴിലാളി | 19.8 | 12.8 | 27.8 | 29.4 |
| തൊഴിലന്വേഷക | .4 | .8 | .8 | 2.9 |
| വീട്ടുജോലി | 77.1 | 83.5 | 55.6 | 55.9 |
| വിദ്യാർഥി | .6 | 2.6 | 0.0 | 0.0 |
| മറ്റുള്ളവ | 2.1 | .4 | 15.8 | 11.8 |

Indian Human development Survey unit level data (കണക്കുകൂട്ടിയത്) : 2011-12.



ഉയരാത്തിടത്തോളവും വീട്ടുജോലി ചെയ്യുന്നതിനു വേണ്ടിവരുന്ന ചെലവ് കൂടി നിൽക്കുന്നിടത്തോളവും സ്ത്രീ തൊഴിൽ പങ്കാളിത്തം ഉയരില്ല എന്ന് സാരം.

## സ്ത്രീകളുടെ ആശ്രിതത്വത്തിന്റെ പ്രശ്നങ്ങൾ

കുറഞ്ഞ കൂലിനിരക്കും വീട്ടുജോലിയുടെ ഉയർന്ന അവസരച്ചെലവും വിവാഹിതരാകുന്ന സ്ത്രീകളെ കുടുംബിനികളായി ജീവിക്കാൻ പ്രേരിപ്പിക്കുന്നു. കേരളത്തിലെ നിലനിൽക്കുന്ന തൊഴിൽ സാഹചര്യത്തിൽ ഒരു കുടുംബത്തിന് എടുക്കാവുന്ന ഏറ്റവും നല്ല തീരുമാനമായി അതു മാറുന്നു എന്ന് കാണാം. ഇവിടെ പ്രതിപാദിക്കേണ്ട ഒരു പ്രധാനപ്പെട്ട കാര്യം ആപേക്ഷിക വിഭവവീക്ഷണ സിദ്ധാന്തത്തിൽ ബെക്കെറിനെ(1991) പ്പോലുള്ളവർ മുന്നോട്ടുവയ്ക്കുന്ന കാര്യക്ഷമതാ വാദത്തെ സ്ത്രീവാദക്കാർ തള്ളിക്കളയുന്നുണ്ട്(Bianchi, Suzzane M. Milkie, Melissa A.Sayer, Liana C.Robinosn, John P,2000) എന്നതാണ്. ഇതിനു കാരണം സ്ത്രീകൾ വീട്ടുജോലികളിലും പുരുഷന്മാർ കമ്പോള ജോലികളിലും കൂടുതലായി വ്യാപരിക്കുന്നത് ലിംഗവിവേചനത്തിന്റെ ഭാഗമായാണ് എന്നതാണ്. എന്നാൽ കേരളം പോലെ വികസനത്തിന്റെ മൂന്നാം ഘട്ടത്തിൽ എത്തിനില്ക്കുന്ന ഒരു സംസ്ഥാനത്ത് ഉയർന്ന സ്ത്രീ വിദ്യാഭ്യാസത്തിന്റെ ഭാഗമായി, സമൂഹം നിർമിച്ചിട്ടുള്ള ലിംഗപദവിയിലടിസ്ഥാനമാക്കിയുള്ള തൊഴിൽവിഭജനപ്രതിസന്ധിയെ ഒരു പരിധിവരെ സ്ത്രീകളുടെ താൽപ്പര്യങ്ങളിൽ മാറ്റംവരുത്തിക്കൊണ്ട് പിടിച്ചുനിർത്താൻ പറ്റുന്നുണ്ട് എന്നതിനാൽ ലിംഗവീക്ഷണ സിദ്ധാന്തത്തേക്കാൾ കേരള സാഹചര്യങ്ങളിൽ ഉപയോഗിക്കാൻ കഴിയുന്ന ഒരു സിദ്ധാന്തമാണ് ആപേക്ഷിക വിഭവവീക്ഷണം. ഈ സിദ്ധാന്തത്തിന്റെ കൂടെ സാമ്പത്തിക വിഭവ സിദ്ധാന്തവും(Springer, Krtsien W.,) ചേർത്തു വായിക്കുമ്പോൾ എന്താണ് കേരളത്തിൽ സംഭവിക്കുന്നത് എന്നതിന്റെ നേർചിത്രം ലഭിക്കും. അതായത് വിവാഹബന്ധത്തിൽ ആരാണ് കൂടുതൽ വരുമാനം ഉണ്ടാക്കുന്നത് എന്നത് അവിടെ നിലനിൽക്കുന്ന അധികാരഘടനയെ തീരുമാനിക്കുന്നു. സാമൂഹികമായ ലിംഗവിവേചനത്തെ വിദ്യാഭ്യാസപ്രക്രിയയിലൂടെ മാറ്റുന്നു എന്നു സങ്കൽപ്പിച്ചാൽ, സാമ്പത്തികമായ ആശ്രിതത്വത്തിനു കാരണം നിലനിൽക്കുന്ന കൂലിയിലുള്ള ലിംഗവ്യത്യാസവും, വീട്ടുജോലികളുടെ പ്രാധാന്യത്തെ തിരിച്ചറിഞ്ഞുള്ള പ്രവർത്തനങ്ങൾ ഉണ്ടാകാത്തതും ആണെന്ന് കാണാം. ഇത് സ്ത്രീയുടെ കുടുംബത്തിലെ അധികാരഘടനയെ സ്വാധീനിക്കുകയും അത് ഗാർഹികപീഡനങ്ങൾക്ക് കാരണമാവുകയും ചെയ്യുന്നു എന്ന് സാരം. പലപ്പോഴും ഉയർന്നുവരുന്ന ഗാർഹിക പീഡനങ്ങൾക്കു ഒരു പ്രധാന കാരണവും ഈ സാമ്പത്തിക ആശ്രിതത്വമാണെന്ന് പറയേണ്ടിവരും. ഇവിടെയാണ് എങ്ങനെ സ്ത്രീകളുടെ തൊഴിൽപങ്കാളിത്തം ഉയർത്തും എന്ന ചോദ്യം ഉയരുന്നത്. വികസിതരാജ്യങ്ങളിൽ സ്ത്രീപങ്കാളിത്തം ഉയരാൻ ഉണ്ടായ കാരണം വീട്ടുജോലികളുടെ പ്രാധാന്യം മനസ്സിലാക്കിയതും എന്തുകൊണ്ട് സ്ത്രീകൾ അതിൽ ഏർപ്പെടുന്നു എന്നു തിരിച്ചറിഞ്ഞതും അവിടെ സുലഭമായി തൊഴിൽസാധ്യതകൾ ലഭ്യമാണ് എന്നതുമാണ്. എന്നാൽ എന്തുകൊണ്ട് കേരളത്തിൽ ഈ

പട്ടിക: 3

കേരളത്തിലെ സ്ത്രീ തൊഴിൽ പങ്കാളിത്ത നിരക്ക് (ശതമാനം)

| ഇനം | 1999 | 2004 | 2017 | 2018 | 2019 |
|---|---|---|---|---|---|
| തൊഴിൽ പങ്കാളിത്ത നിരക്ക് | 15.7 | 17.1 | 16.4 | 20.4 | 22.4 |

പട്ടിക 4

തൊഴിൽ ഘടനയിൽ വന്ന മാറ്റം (ശതമാനം)

| ഇനം | 19992000 | 200405 | 201920 |
|---|---|---|---|
| സ്വയം തൊഴിൽ | 32.1(7.4)* | 35.5(9.7)* | 39.4(12)* |
| സ്ഥിര വരുമാനം | 28.4 | 32.3 | 44.3 |
| കൂലിപ്പണി | 39.5 | 32.3 | 16.3 |

Source: Economic survey 2021, Mallika 2012.

*കൂലി ഇല്ലാത്ത സ്വയംതൊഴിൽ വീട്ടുതൊഴിലാളി

രിക്കാൻ വയ്യ. സ്വന്തമായി ഒരു രൂപ പോലും കയ്യിലില്ലാതെ, കൈക്കുഞ്ഞിനെ ആരെയും ഏൽപ്പിച്ച് പോകാൻ കഴിയാത്തതിനാൽ ഭർത്താവിന്റെ തല്ലു കൊണ്ടു കഴിഞ്ഞുകൂടേണ്ടിവരുന്ന സ്ത്രീകൾക്കുമുന്നിൽ ഒരു പരിഹാസ ചോദ്യമാണ് കേരളത്തിലെ സ്ത്രീശാക്തീകരണം. അതേസമയം നമ്മുടെ കുടുംബശ്രീ സംരംഭങ്ങൾ ഓരോ പ്രദേശത്തും കുഞ്ഞുങ്ങളേയും പ്രായമായവരേയും അംഗപരിമിതരും മാനസികവും ശാരീരികവുമായ പ്രശ്നങ്ങൾ ഉള്ളവരെയും സംരക്ഷിക്കാനും പരിചരിക്കാനുമുള്ള ഇടങ്ങൾ നിർമിച്ചിരുന്നെങ്കിൽ, തൊഴിലുറപ്പു പദ്ധതിയുടെ തൊഴിൽ ഇത്തരം സാമൂഹികക്ഷേമ തൊഴിലുകൾക്കുവേണ്ടി നൽകുകയും ചെയ്തിരുന്നെങ്കിൽ വിദ്യാസമ്പന്നരായ സ്ത്രീകൾക്ക് കൂടുതൽ വരുമാനമുള്ള തൊഴിൽ തേടി പോകാനും അറിവിന്റെ ഈ കാലഘട്ടത്തിൽ ലാഭകരമായ പല സംരംഭങ്ങളും ആരംഭിക്കാനും അങ്ങനെ ഒരു സുസ്ഥിരവികസന സാധ്യത ഉണ്ടാക്കാൻ കഴിയുകയും ചെയ്യുമായിരുന്നു. മാത്രവുമല്ല വീട്ടുകങ്ങളും പരിചരണ തൊഴിലും ആകർഷകമായ വരുമാനമാർഗമാകണമെങ്കിൽ വീട്ടുജോലിയിൽ ഇടപെടുന്ന സ്ത്രീകൾ ഉൽപ്പാദനക്ഷമമായ തൊഴിലിൽ ഏർപ്പെടുകയും അവരുടെ വരുമാനം കൂടുകയും ചെയ്യണമായിരുന്നു. ഇതു സമ്പദ്വ്യവസ്ഥയിൽ ഒരു ഗുണാത്മകചലനം സൃഷ്ടിക്കുകയും ചെയ്യുമായിരുന്നു. എന്നാൽ വളർന്നുവരുന്ന സ്ത്രീ മുന്നേറ്റങ്ങളെ തളയ്ക്കാൻ കാരണമായ കാണാചരടുകളായി നമ്മുടെ സ്ത്രീശാക്തീകരണ ശ്രമങ്ങൾ മാറിപ്പോകുന്നു എന്നു സംശയിക്കേണ്ടിയിരിക്കുന്നു.

## ഗ്രന്ഥസൂചി


- Rao, Smriti. "Women and the Urban Economy in India: Insights from the Data on Migration." Gender and Time Use in a Global Context: The Economics of Employment and Unpaid Labor, edited by Rachel Connelly and Ebru Kongar, Palgrave Macmillan, 2017, pp. 231-257.
- Becker, G.S. "A Theory of the Allocation of Time," in G.S. Becker, The Economic Approach Human Behavior, pp. 89-114 (also Econ. J. 1965:493-517). Becker, Gary S. A treatise on the family: Enlarged edition. Harvard University press, 1991.
- Reid, M.D. The Economics of Household Production. New York, NY: J. Wiley & Sons, 1934
- Ferrant, Gaëlle Pesando, Luca Maria Nowacka, Keiko;2014,Unpaid Care Work: The missing link in the analysis of gender gaps in labor out comes, OECD Development Centre,2014.
- Devika J (2019)Women's Labor, Patriarchy and Feminism in Twenty-first Century Kerala: Reflections on the Glocal Present, Review of Development and Change,Volume 24, Issue:1.Page 91.
- Bowen, W. And Finnegan, T. A. (1969) The Economics of Labor Force Participation (Princeton).
- Bianchi , Melissa A . Milkie , Liana C . Sayer and John P ; Robinson (2000) Published by : Oxford University Press Stable URL : http://www.jstor.org/stable,"Social Forces",volume:70 Issue:1.
- Springer, Kristen W.,2010, Economic dependence in marriage and husbands' midlife health: Testing three possible mechanisms,Gender and Society, Volume:23, issue:3.
- Rubiano Matulevich, Eliana Carolina, and Mariana Viollaz. "Gender differences in time use: Allocating time between the market and the household." World Bank Policy Research Working Paper 8981 (2019).
- Mallika, M. G. "Development and Female Economic Participation: A Comparative Study of India and Kerala." Journal of Economic Policy and Research 9.2 (2014): 62.
- Labour market Dynamics of Kerala,PhD Thesis Kannur Univeristy(2012)



(ഡോ. മല്ലിക എം ജി
അസോസിയേറ്റ് പ്രൊഫസ്സർ,
വികസനപഠന സ്കൂൾ
തുഞ്ചത്തെഴുത്തച്ഛൻ മലയാള സർവകലാശാല.)